ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഈ ബില്ലിൽ പരാമർശിക്കുന്ന കവുങ്ങ് (അടയ്ക്ക) തൊഴിലാളികൾക്ക് നിലവിലുള്ള കർഷകത്തൊഴിലാളി ക്ഷേമനിധിയുടെ പ്രയോജനം അതിൽ അംഗങ്ങളായാൽ ലഭിക്കുന്നതാണ്. ഈ സാഹചര്യത്തിൽ ബില്ലിൽ പറയുന്ന പ്രകാരമുള്ള ഒരു ക്ഷേമനിധിക്ക് പ്രസക്തിയില്ല. എന്നാൽ ബഹുമാനപ്പെട്ട സഹോദരി അവതരിപ്പിക്കുന്ന എല്ലാ ബില്ലുകളേയും എതിർക്കേണ്ടി വരുന്നതിൽ എനിക്കു വിഷമമുണ്ട്.

ശ്രീമതി ശോഭനാ ജോർജ്: സർ, അടുത്ത ബിൽ അവതരിപ്പിക്കട്ടെ. ഈ ബില്ലിലും ഞാൻ സംസാരിക്കുന്നില്ല, അടുത്ത പ്രാവശ്യം സംസാരിച്ചുകൊള്ളാം.

(ചർച്ച തുടരും)

(13) 2002-ലെ കേരള ഗർഭസ്ഥ ശിശുവിന്റെ ലിംഗ നിർണ്ണയ നിരോധന ബിൽ

ശ്രീമതി ശോഭനാ ജോർജ്: സർ, 2002-ലെ കേരള ഗർഭസ്ഥ ശിശുവിന്റെ ലിംഗ നിർണ്ണയ നിരോധന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, പെൺഭ്രൂണഹത്യയെപ്പറ്റിയുള്ള അന്വേഷണങ്ങൾ പല പ്രദേശങ്ങളിൽ നിന്നുമുണ്ടായിട്ടുണ്ട്. ഇന്ത്യയിൽത്തന്നെ ചില പ്രദേശങ്ങളിൽ ചില വിഭാഗങ്ങൾക്കിടയിൽ പെൺഭ്രൂണഹത്യ വ്യാപകമായി നടക്കുന്നതായിട്ടുള്ള ഞെട്ടിപ്പിക്കുന്ന റിപ്പോർട്ടുകൾ പുറത്തു വന്നിട്ടുണ്ട്. ക്രൂരവും പൈശാചികവുമായ ഈ പ്രവണതയ്ക്ക് അറുതി വരുത്താനുള്ള ശ്രമം കേന്ദ്ര സർക്കാർ നടത്തിയിട്ടുണ്ട്. അതിന്റെ ഫലമാണ് 1996-ൽ പ്രാബല്യത്തിൽ വന്ന ഗർഭസ്ഥ ശിശുവിന്റെ ലിംഗനിർണ്ണയ മാർഗ്ഗങ്ങളുടെ നിയന്ത്രണവും ദുരുപയോഗവും നിരോധിക്കൽ നിയമം. ഈ നിയമത്തിൽ കർശനമായ വ്യവസ്ഥകളെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്. മാത്രവുമല്ല ഈ അടുത്ത കാലത്ത് ഈ നിയമം പ്രാബല്യത്തിൽ വരുത്തുന്ന കാര്യത്തിൽ വളരെ കർശനമായ നിലപാട് കൈക്കൊണ്ടിട്ടുമുണ്ട്. നിലവിലുള്ള നിയമം കാലോചിതമായി പരിഷ്കരിച്ച് കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള നടപടികളും കേന്ദ്ര സർക്കാർ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. നിലവിലുള്ള നിയമത്തിന്റെ പൂർണ്ണത ഉറപ്പാക്കാൻ ആരോഗ്യവകുപ്പു സെക്രട്ടറി തലവനായുള്ള ഒരു കമ്മിറ്റിയും നിലവിലുണ്ട്. മാത്രവുമല്ല നിലവിലുള്ള നിയമം കാലോചിതമായി ഭേദഗതികൾ വരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങളും സർക്കാർ കേന്ദ്ര ഗവൺമെന്റിനു നൽകിയിട്ടുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗം ശ്രീമതി ശോഭനാ ജോർജിന്റെ അനൗദ്യോഗിക ബില്ലിന് പ്രത്യേക പ്രസക്തിയില്ല എന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. ബഹുമാനപ്പെട്ട മെമ്പറുടെ അർപ്പണമനോഭാവമാണ് ഇത്തരമൊരു സ്വകാര്യ ബില്ലിന് നോട്ടീസ് നൽകിയതിലൂടെ നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. ഈ പ്രശ്നത്തിന്റെ ഗൗരവം നമുക്ക് ചർച്ച ചെയ്യാൻ ഈ സഭയിൽത്തന്നെ അവസരം ലഭിക്കുമെന്നുള്ളതുകൊണ്ട്, അവർ കൊണ്ടുവന്ന ബില്ലിന്റെ ഉദ്ദേശശുദ്ധിയെ അങ്ങേയറ്റം മാനിക്കുന്നു. അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ശോഭനാ ജോർജ്: സർ, മഞ്ഞുപെയ്താൽ കൂളും നിറയില്ലെന്ന്എനിക്കറിയാം. ഇങ്ങനെയൊരു ബിൽ കൊണ്ടുവന്നതുകൊണ്ടു മാത്രം ഈ പ്രശ്നങ്ങൾക്ക് പൂർണ്ണമായും പരിഹാരമുണ്ടാകും എന്നു ഞാൻ വിശ്വസിക്കുന്നില്ല. കാരണം പെണ്ണിന്റെ ശത്രു പെണ്ണു തന്നെയാണോ എന്നാണ് എന്റെ സംശയം. ഗർഭപാത്രങ്ങൾ ഇന്നു ശവക്കല്ലറകളായി മാറുന്നു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: ബഹുമാനപ്പെട്ട മെമ്പർ പെണ്ണിന്റെ ശത്രു പെണ്ണു തന്നെയാണോ എന്നു ചോദിച്ചതിന്റെ പേരിലാണ് ഒന്നിടപെടണമെന്ന് എനിക്കു തോന്നിയത്. പമ്പാനദിയുടെ ബിൽ അവതരിപ്പിച്ചപ്പോൾപോലും നൊമ്പരപ്പെടുന്ന സ്ത്രീത്വത്തിന്റെ വേദനയെക്കുറിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ അവതരിപ്പിച്ചത് എന്ന് ഭംഗിയായിട്ട് അറിയാവുന്ന ഒരു സഹോദരിയാണ് ഞാനെന്നുകൂടി അറിയിച്ചോട്ടെ. ഞാനിപ്പോൾ എഴുന്നേറ്റത് ഇന്നത്തെ മലയാള മനോരമയിൽ പേരു വച്ച് ആറു സ്ത്രീകൾ, കെ.ആർ. മീര, എം. വിനീതാ ഗോപി, റാണി ജോർജ്, ശുഭാ ജോസഫ്, നീതാമേരി ജെയിംസ്, ഗായത്രീ മുരളീധരൻ തുടങ്ങിയവർ ഒരു ലേഖന പരമ്പര ആരംഭിച്ചിട്ടുണ്ട്. "യാത്ര തട്ടി മുട്ടി തഴുകി തലോടി, ഒറ്റയ്ക്കെങ്കിൽ ഒട്ടി നിൽക്കാൻ ആളേറെ, അശ്ലീലത്തിന്റെ ആയിരം കണ്ണുകൾ, കയ്യുകൾ" എന്നൊക്കെയുള്ള തലക്കെട്ടുകളോടുകൂടി "പെണ്ണിനു രക്ഷയുണ്ടോ നമ്മുടെ നാട്ടിൽ" എന്ന ചോദ്യം ഉയർത്തിക്കൊണ്ട് "നാളെ തനിച്ചിരിക്കാൻ പെണ്ണിന് എന്തവകാശം" എന്ന ചോദ്യത്തിലേക്ക് നമ്മുടെ ശ്രദ്ധ ഉയർത്തിക്കൊണ്ടുവന്നിരിക്കുന്ന ഒരു ലേഖന പരമ്പര. തനിച്ചിരിക്കാൻ പെണ്ണിന് എന്തവകാശം എന്ന് ചോദിക്കുമ്പോൾ ഗർഭാവസ്ഥയിൽപ്പോലും തനിച്ചിരിക്കാൻ പെണ്ണിനവകാശമില്ലെന്ന ക്രൂരമായ ഒരു പീഡനം ഇവിടെ നടക്കുമ്പോൾ, ഈ വക അംശങ്ങളിലേക്കുകൂടി വിരൽ ചൂണ്ടിക്കൊണ്ട് പുറത്തു വരുന്ന പെണ്ണിന് സംരക്ഷണം നൽകാനുള്ള ഉദ്ദേശശുദ്ധികൂടി ഈ ബില്ലിൽ കൂട്ടിച്ചേർത്ത് അതു കൂടുതൽ മോടിപിടിപ്പിക്കുവാൻ ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധിക്കുമോ?

ശ്രീമതി ശോഭനാ ജോർജ്: പെണ്ണിനെക്കുറിച്ചുള്ള ലേഖനം എന്തിനാണ് വായിക്കുന്നത്? ഈ നിയമസഭയിലുള്ളവർ എന്നെ നോക്കിയാൽ മതിയല്ലോ. ഞാൻ അനുഭവിച്ചതും അനുഭവിച്ചുകൊണ്ടിരിക്കുന്നതും അതിനേക്കാൾ വലുതൊന്നുമല്ല. അതും ഒരു എം.എൽ.എ. ആയ ഞാൻ. 12 വർഷക്കാലം എം. എൽ.എ. ആയ ഒരു സ്ത്രീ അനുഭവിക്കേണ്ടി വന്നതിന്റെ കഥ പറഞ്ഞാൽ. . . വെറുതെ നമ്മൾ ആ ലൈനിലേക്കു പോകണ്ട. പെണ്ണു പെണ്ണിന്റെ ശത്രുവാണ് എന്നു പറയുമ്പോൾ, ഒരു കഥയാണ് എനിക്ക് ഓർമ്മ വരുന്നത്. പ്രാചീന കാലത്ത് കല്ലും നഖവും കൊണ്ടായിരുന്നു മരങ്ങൾ മുറിച്ചിരുന്നത്, അല്ലെങ്കിൽ മരങ്ങൾ മുറിക്കാനുള്ള ശ്രമങ്ങൾ നടന്നിരുന്നത്. ആ സമയത്ത് മരങ്ങളെല്ലാംകൂടി ഓടിച്ചെന്ന് അപ്പൂപ്പൻ മരത്തോടുപറഞ്ഞു, അപ്പൂപ്പാ, ദാ നോക്കൂ, നമുക്ക് വംശനാശം സംഭവിക്കുമെന്നു ഞങ്ങൾ ഭയപ്പെടുന്നു എന്ന്. അതുകൊണ്ട് ഇതിനെന്താണ് നമ്മൾ ചെയ്യേണ്ടതെന്നു ചോദിച്ചു. അപ്പോൾ അപ്പൂപ്പൻ മരം പറഞ്ഞു, ഇവർ കല്ലുകൊണ്ടും നഖം കൊണ്ടും മരങ്ങൾ മുറിച്ചോട്ടെ. അതുകൊണ്ട് വംശനാശം സംഭവിക്കുകയില്ല. പക്ഷേ നിങ്ങളിൽ ഒരാൾ മഴുകിന് കൈപിടിയായി മാറുമ്പോൾ, നിങ്ങളിൽ ഒരാൾ നിങ്ങളെ

ചതിക്കുമ്പോൾ മാത്രമേ ഇവിടെ വംശനാശം ഉണ്ടാവുകയുള്ളൂ എന്ന്. അതുപോലെ ഞാൻ വിചാരിക്കുന്നത് പെൺകുഞ്ഞ് ഏതായാലും അമ്മയുടെ വയറ്റിലല്ലേ കിടക്കുക. അമ്മയുടെ വയറ്റിൽ കിടക്കുന്ന കുഞ്ഞിനെ നശിപ്പിക്കുന്നതിനു അമ്മയുടെ അനുവാദം വേണ്ടേ? അതുകൊണ്ട് മാത്രമാണ് "പെണ്ണിന്റെ ശത്രു പെണ്ണു തന്നെയായോ" എന്നുള്ള ഒരു സംശയം ഞാൻ പ്രകടിപ്പിച്ചത്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഒരുപാട് നടപടികളെക്കുറിച്ചു പറഞ്ഞു. അങ്ങേയ്ക്കു വേണമെങ്കിൽ പരിശോധിക്കാം. കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ ജനന നിരക്കെടുത്തു നോക്കിയാൽ മൊത്തം കുഞ്ഞുങ്ങളിൽ, ഒരു ലക്ഷം പെൺകുട്ടികളുടെ കുറവുണ്ട്. അതേസമയം നമ്മുടെ സംസ്ഥാനത്തെ പ്രായമുള്ളവരുടെ കണക്കെടുത്തു നോക്കിയാൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണ്. പക്ഷേ ഈ അഞ്ചു വർഷംകൊണ്ട് നമ്മുടെ മുകളിലിരിക്കുന്ന തമ്പുരാൻ പെൺകുട്ടികൾ ആരും ജനിക്കണ്ട എന്നു വിചാരിച്ചോ? അങ്ങനെ വിചാരിക്കാൻ തരമില്ലല്ലോ. ആ സ്ഥിതിക്ക് ഇവിടെ എന്തെല്ലാം നിയമങ്ങളുണ്ടെന്നു പറഞ്ഞാലും ശരി പെണ്ണാണോ 500 രൂപ മുടക്കൂ, പത്തു ലക്ഷം രൂപ ലാഭിക്കാം എന്നാണ് പറയുന്നത്. ഞങ്ങളൊക്കെ എവിടെ നിൽക്കുന്നു. ഇപ്പോൾ പെൺമക്കളില്ലാത്ത അച്ഛനും അമ്മയ്ക്കും സമാധാനമാണെന്നാണ് എനിക്കു തോന്നുന്നത്. വിനീതാഗോപി ഉൾപ്പെടെയുള്ളവർ മലയാള മനോരമയിൽ എഴുതിയ ലേഖനം വായിച്ചു നോക്കിയാൽ ഈ ലോകത്തിലേക്ക്, ഈ സംസ്ക്കാരത്തിലേക്ക്, ഈ സമൂഹത്തിലേക്ക് ഒരു പെണ്ണിനെ വിടണമോ എന്നു ചോദിക്കുന്നതിലും ചിന്തിക്കുന്നതിലും തെറ്റില്ല എന്ന് എനിക്ക് ഒരു സമയത്തു തോന്നിപ്പോയി. എങ്കിൽപ്പോലും എന്റെ വിശ്വാസം ഈ പഴയ പെണ്ണിനെക്കാൾ ഊർജ്ജസ്വലതയുള്ള, കാര്യങ്ങൾ മനസ്സിലാക്കാൻ കരുത്തുള്ള ഒരു പുതിയ തലമുറ വരണമെങ്കിൽ, ഇവിടെ വന്നിരിക്കുന്ന ശ്രൂണഹത്യാ സമ്പ്രദായം അവസാനിപ്പിച്ചേ മതിയാകൂ. പ്രാകൃതമായ രീതിയിൽ പെൺകുഞ്ഞുങ്ങളെ കൊല്ലുന്ന സംഭവങ്ങൾ വരെയുണ്ട്. അതായത് നെന്മണിപോലും വായിൽ ഇട്ടുകൊടുത്ത് പിറന്ന കുഞ്ഞിനെ കൊല്ലുന്നതു നമ്മൾ പല സ്ഥലത്തും കണ്ടിട്ടുണ്ട്. അതുകൊണ്ട് എത്ര പറഞ്ഞാലും മതിവരാത്ത ഒരു വിഷയമാണെന്നുള്ളതുകൊണ്ടും അതിനു ഗൗരവമുള്ളതുകൊണ്ടും ഇവിടെ അടുത്ത വിഷയം അവതരിപ്പിക്കാനുള്ളതുകൊണ്ടും സമയക്കുറവുള്ളതുകൊണ്ടും അടുത്ത പ്രാവശ്യം ഞാൻ ഇതിനെക്കുറിച്ച് സംസാരിച്ചുകൊള്ളാം.

ഡെപ്യൂട്ടി സ്പീക്കർ: You can continue next time.

(ചർച്ച തുടരും)

3. ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങളുടെ തുടർചർച്ച

2003-ലെ തൃശ്ശൂർ കോൾവികസന അതോറിറ്റി ബിൽ ശ്രീ. കെ. പി. രാജേന്ദ്രൻ നോട്ടീസ് നൽകിയത് (ചർച്ച തുടർച്ച)

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, എന്റെ തുടർ ചർച്ചയാണ്. നെൽകൃഷിയുമായി ബന്ധപ്പെട്ട് ഏറ്റവും പ്രധാനപ്പെട്ട ഒരു മേഖലയാണ് തൃശ്ശൂർ കോൾ നിലങ്ങൾ. ആ പ്രദേശത്ത് പ്രവർത്തിക്കുന്ന ജനപ്രതിനിധി കൂടിയാണ് ഞാൻ. തൃശ്ശൂർ കോൾ മേഖലയിലെ സമഗ്രമായ വികസനത്തിന് ഏകീകൃതവും സമഗ്രവുമായ പദ്ധതികൾ ആവിഷ്കരിച്ച്

LIBRARY ARCHIVES Kerala Legislative Assembly